**ക്രമപ്രശ്നം**

***721-ാം നമ്പർ ചോദ്യം പരിഗണിക്കുന്നത് സംബന്ധിച്ച്**

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ചോദ്യം നമ്പർ 721 -നെ സംബന്ധിച്ചാണ്. സഭയിൽ സമർപ്പിച്ചുകഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചു പോലും പി.എ.സി. പരിഗണിച്ചശേഷം മാത്രമേ സാധാരണ ഗതിയിൽ ചോദ്യം അനുവദിക്കാറുള്ളൂ. 721 -ാം നമ്പർ ചോദ്യത്തിന് ആധാരമായ റിപ്പോർട്ട് ഇതുവരെയും സഭയിൽ വച്ചിട്ടില്ല. 2017 മാർച്ചിൽ മാത്രമേ അത് സഭയിൽ വയ്ക്കുകയുള്ളൂ. ഗവൺമെന്റിന് കോൺഫിഡൻഷ്യലായി ഡ്രാഫ്റ്റ് പാരായാണ് അയച്ച് കൊടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സഭയിൽ ചോദ്യം ഉന്നയിക്കുന്നത് ക്രമവിരുദ്ധമാണ്. ശക്തർ ആന്റ് കൗൾ-ൽ പേജ് 524 ൽ ഇതിനെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. Normally no question on the Audit Report is permitted to be raised in the House until the Public Accounts Committee has considered the report. However, questions based on the Audit Report relating to matters which are yet to come up before the Public Accounts Committee may be admitted by the Speaker if they relate to grave instances of fraud or defalcation of public funds. പി.എ.സി. consider ചെയ്യാത്ത ഒരു

റിപ്പോർട്ടിനെ സംബന്ധിച്ച് സഭയിൽ ചോദ്യമായി വരുന്നത് സഭാ കീഴ്‌വഴക്കങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണ്. ഇത് ഗവൺമെന്റിന് എ.ജി. കൊടുക്കുന്ന ഒരു ഓഡിറ്റ് പാരായാണ്. ആ ഓഡിറ്റ് പാരാ strictly confidential ആണ്. സർക്കാർ പരിഗണിച്ചശേഷം ഗവൺമെന്റിൽ നിന്നും റിപ്ലൈ കൊടുത്ത് റിപ്പോർട്ടുവന്ന് പി.എ.സി. പരിഗണിച്ചശേഷം മാത്രമേ അത് സഭയുടെ ഭാഗമാകുന്നുള്ളൂ. അങ്ങനെ ഒരു സാഹചര്യത്തിൽ മാത്രമേ ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കാൻ പാടുള്ളൂ. അത് സഭാചട്ടങ്ങളുടെയും റൂളുകളുടെയും വിരുദ്ധമാണ്. അങ്ങ് ഈ ചോദ്യം disallow ചെയ്യണം. തെറ്റായ കീഴ്‌വഴക്കം ഉണ്ടാകുമെന്നതുകൊണ്ട് ഈ ചോദ്യം disallow ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

**<u>റൂളിംഗ്</u>**

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്ന് രാവിലെ ഒരു കത്ത് നൽകിയിരുന്നു. കത്ത് ചെയർ പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗങ്ങളുടെ ചോദ്യം സാമാന്യമായ ഒരു ചോദ്യമാണ്. സി.&എ.ജിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും അതുമായി ബന്ധപ്പെട്ട ഉപചോദ്യങ്ങളുമാണ്. റിപ്പോർട്ടിനെ സംബന്ധിച്ച ചോദ്യമല്ല എന്നാണ് ചെയർ മനസ്സിലാക്കുന്നത്. സ്വാഭാവികമായും മാധ്യമ വാർത്തയുടേയോ പൊതുവിൽ കിട്ടിയ വിവരത്തിന്റേയോ

അടിസ്ഥാനത്തിൽ ഇത്തരമൊരു റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് സാമാന്യമായി ആരായുകയാണ് ചോദ്യകർത്താവ് ഉദ്ദേശിച്ചിട്ടുള്ളതാണെന്നാണ് ചെയറിന് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് ഈ ചോദ്യം അനുവദനീയമാണ്. മന്ത്രിയുടെ ഉത്തരവും അതുമായി ബന്ധപ്പെട്ടതായിരിക്കും. സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ചോദ്യമോ ചർച്ചയോ അല്ല ഇവിടെ നടക്കാൻ പോകുന്നത്. മന്ത്രിയുടെ ഉത്തരവും അതുമായി ബന്ധപ്പെട്ടതായിരിക്കുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്.